# പ്രവാസം
# PRAVASAM

**An In-house Publication of Bombay Yogakshema Sabha (Regd.)**

DECEMBER 2016 | 1192 കന്നി– വൃശ്ചികം | വാള്യം: 61














BYS Women's Wing Marvellous Stage Performance at Mannarasala Ayilyam

EDITOR DESK

# Community and Charity Efforts



Every individual is duty bound to give something back to the community by participating in charitable work to the extent pissible. We, as coordinators of group efforts, support our members' individual efforts in numerous charitable activities. We strongly believe, as human-beings, we should get involved in community and charity work by donating time and money to causes that are important to them.

Donate generously to the BYS Welfare Fund and help the lesser fortunate people to live their life happily, peacefully and purposefully as well.

Remember, if you ever need a helping hand, you'll find one at the end of your arm.
As you grow older, you will discover that you have two hands: one for helping yourself, the other for helping others.

Your "good old days" are still ahead of you, may you have many of them.

**Naripatta Murali**
**Editor - Pravasam**

ပြဝാസം

PRAVASAM

An In-house Publication of Bombay Yogakshema Sabha

Edited and published by
**NARIPPATTA MURALI**,
Hon. Secretary
for and on behalf of
Bombay Yogakshema Sabha
(Regd).

Printed at Printoflex, R.No. 104,
Gunai Darshan Bulg., Sagaon,
Nanivali Pada, Manpada Road,
Dombivli (E) - 421 204.



**Admin Office:**

**BOMBAY YOGAKSHEMA SABHA**
(Regd.)
G-2, Nav Haridarshan CHS Ltd.
Jai Hind Colony, G-Gupte Road,
Dombivli (W), - 421 202.

Tel: 0251-2408123

Email: info@bombayyogakshemasabha.com

Website: bombayyogakshemasabha.com



**(FOR PRIVATE CIRCULATION ONLY)**


# PRAVASAM

PRAVASAM is published as Quarterly in the months of January-March, April-June, July-September and October-December. Materials for publishing, such as news that one like to share with BYS family members, horoscope, change of address / telephone mumbers, literary works etc. should reach Sabha 30 days in advance for publishing in the respective issues. Sabha charge a nominal amount of Rs. 500 per horoscope which can be paid in cash or crossed cheque drawn in favour of 'Bombay Yogakshema Sabha'. Matter for publishing can be hand carried to the office or e-mail to byscommittee@gmail.com or post to the following address:

All contributions to the Sabha may transfar to the following bank account.

Bombay Yogakshema Sabha,
Indian Overseas Bank,
Ram Nagar, Dombivli East.

S. B. Account No. 088501000001819,
IFSC Code: IOBA0000885,
Swift Code: IOBAINPP089.



# ചാണക്യനീതി



സമ്പാദനം, സംവാദനം

■കുന്നം വിഷ്ണു

**കസ്യ ദോഷഃ കുലേ നാസ്തി വ്യാധിനാ കോ നപണ്ഡിതഃ**
**വ്യസനം കേനനപ്രാപ്തം കസ്യ സൗഖ്യം നിരന്തരം**

കളങ്കമില്ലാത്തകുടുംബമുണ്ടോ? ഒരിയ്ക്കലും ഒരു അസുഖവും പിടിപെടാത്ത ഏതെങ്കിലും പണ്ഡിതനോ (പണ്ഡിതനല്ലാത്ത മനുഷ്യനോ) ഉണ്ടോ? ഒരിയ്ക്കലെങ്കിലും വ്യസനം അനുഭവിയ്ക്കാത്ത, അപകടത്തിൽ ചാടാത്ത മനുഷ്യനുണ്ടോ? എല്ലായ്പോഴും സുഖമായും സന്തോഷമായും ഇരിയ്ക്കാൻ കഴിയുന്ന ആരെങ്കിലും ഉണ്ടോ? ആർക്കായാലും ചില ദൗർഭാഗ്യങ്ങളെല്ലാം ചിലപ്പോളെങ്കിലും ഉണ്ടായേയ്ക്കാം. ദൃർഭാഗ്യങ്ങൾ തനിക്കു മാത്രമാണെന്നു കരുതി നിരാശപ്പെടേണ്ട. അതു പ്രകൃതിനിയമമാണ്. കുറച്ചു കഴിഞ്ഞാൽ മാറുകയും ചെയ്യും.

**ആചാരഃ കുലമാഖ്യാതി ദേശമാഖ്യാതി ഭാഷണം**
**സംഭ്രമഃ സ്നേഹമാഖ്യാതി വപുരാഖ്യാതി ഭോജനം**

ഒരാളുടെ സ്വഭാവംകൊണ്ട്, പെരുമാറ്റം കൊണ്ട് അയാളുടെ കലമഹിമ, കുടുംബ പാരമ്പര്യം, തറവാടിത്തം മനസ്സിലാക്കാൻ കഴിയും. അയാളുടെ ഭാഷയിൽനിന്നു അയാളുടെ ദേശ മനസ്സിലാക്കാം. ആതിഥ്യത്തിൽനിന്ന് അയാളുടെ സ്നേഹ ബഹുമാനങ്ങളും വാത്സല്യവും അളന്നെടുക്കാം. അയാളുടെ തടിയിൽനിന്നു കഴിക്കുന്ന ഭക്ഷണവും അളക്കാം.

**സുകുലേ യോജയേത്കന്യാം പുത്രം വിദ്യാസു യോജയേത്**
**വ്യസനേയോജയേച്ഛത്രു മിത്രം ധർമ്മേ നിയോജയേത്**

ഒരു ബുദ്ധിമാനായ മനുഷ്യൻ സ്വന്തം മകളെ നല്ല കുടുംബത്തിലേയ്ക്കു, തറവാട്ടിലേയ്ക്കു അയക്കാവു. മകനെവളരെ നന്നായി പഠിപ്പിയ്ക്കണം. ശത്രുവിനെഉപദ്രവിയ്ക്കണം. അതായത് അവനവന് ഉപദ്രവമായിത്തീരുന്ന ശത്രുക്കളോട് ഒരിയ്ക്കലും ദാക്ഷിണ്യം കാട്ടരുത്. മിത്രങ്ങളെ ധർമ്മത്തിന്റെ പാതയിലേക്കു നയിയ്ക്കണം, വേണ്ടപ്പോൾ സഹായിയ്ക്കണം.

Shailesh Sankaran Peroor was awarded 2nd prize in the Vayana Anubhavam (Reading Experience) in Malayalam competition conducted by Keraleeya Kendra Sanghatana in October 2016 in Navi Mumbai zone.

# ഛന്ദസ്സുകളുടെ പ്രയോഗങ്ങൾ

ഏപ്പുറത്ത് നാരായണൻ

എന്താണ് ഛന്ദസ്സുകൾ? ഛന്ദസ്സിന് വേദങ്ങളോളം പഴക്കമുണ്ട്. വേദം ഒരു മനുഷ്യശരീരമാണെങ്കിൽ ആ മനുഷ്യന്റെ രണ്ടു കാലുകളാണ് ഛന്ദസ്സ്. ഈ രണ്ടു കാലുകളിൽ അടിതെറ്റാതെ വേദപുരുഷൻ ബലമായി നിലയുറപ്പിയ്ക്കുന്നു. വേദത്തിൽ മന്ത്രങ്ങൾക്ക് പദ്യസ്വരൂപം നൽകാനാണ് ഛന്ദസ്സ് പ്രയോഗിയ്ക്കുന്നത്. ഋഷി, ഛന്ദസ്സ്, ദേവത എന്നീ ക്രമത്തിലാണ് വേദസൂക്തങ്ങളെ നിർദ്ദേശിയ്ക്കുന്നത്. ഛന്ദസ്സിന്റെ നിയമമില്ലാത്ത മന്ത്രങ്ങളെല്ലാം ഗദ്യമാകുന്നു. ഛന്ദസ്സുണ്ടെങ്കിൽ പദ്യവും.

നമ്പൂതിരിമാരെ സംബന്ധിച്ച് വേദാഭ്യാസത്തിലും, കവിതാനിർമ്മാണത്തിലും, അക്ഷരശ്ലോകസദസ്സുകളിലുമാണ് ഛന്ദസ്സുകളുടെ പ്രയോഗം. യജുർവ്വേദം ഗദ്യപ്രധാനമായതുകൊണ്ടും സാമവേദം സംഗീതാത്മകമായതുകൊണ്ടും, സമാനസ്വഭാവങ്ങളുള്ള ഋഗ്വേദത്തിലും അഥർവ്വവേദത്തിലുമാണ് വൈദിക ഛന്ദസ്സുകളുടെ പ്രയോഗങ്ങൾ.

സാഹിത്യം രണ്ടു തരത്തിലാണ്. വേദവും ലോകവും. ലോകമെന്നത് ശാസ്ത്രീയ സാഹിത്യമാണ്, ക്ലാസിയ്ക്കൽ ലിറ്ററേച്ചർ എന്നർത്ഥം. രണ്ടിടത്തും ഛന്ദസ്സ് പ്രയോഗിച്ചിട്ടുണ്ട്. നമ്പൂതിരിമാരും അമ്പലവാസികളും, അങ്ങനെയല്ലാത്ത, കുറച്ച് മഹാകവികളും, കേരളത്തിൽ പണ്ട് ശാർദ്ദൂലവിക്രീഡിതം, സ്രഗ്ധരാ, വസന്തതിലകം, ഇന്ദ്രവജ്രയും ഉപേന്ദ്രവജ്രയും ചേർന്ന ഉപജാതി എന്നീ വൃത്ത (ഛന്ദസ്സ്)ങ്ങളാണ് അധികം പ്രയോഗിച്ചിരുന്നത്. ആർഷവൃത്തങ്ങളല്ലാതെ ദ്രാവിഡവൃത്തങ്ങളും മലയാളത്തിൽ പ്രസിദ്ധമായിരുന്നു. കേക, കാകളി, മഞ്ജരി, വഞ്ചിപ്പാട്ട് എന്നിവ മാത്രകളെ ആശ്രയിച്ചുവരുന്ന വൃത്തങ്ങളാണ് ദ്രാവിഡ വൃത്തങ്ങളിൽ ഏറ്റവും പ്രസിദ്ധമായവ. ഇതിൽ മഞ്ജരി എന്ന വൃത്തം 12–10 എന്ന അക്ഷര ക്രമത്തിൽ ചെറുശ്ശേരിയുടെ കൃഷ്ണഗാഥാ, വള്ളത്തോളിന്റെ ആവു വിശപ്പില്ലേ, കാച്ചിയ പാലിതാ' എന്ന കാവ്യം, ഇരയിമ്മൻ തമ്പിയുടെ ഉറക്കുപാട്ട്, 'സ്നിഗ്ദ്ധമായ് മുക്കണ്ണൻ തന്റെ മുഖം നോക്കി' എന്ന കൈകൊട്ടിക്കളിപ്പാട്ട്, കൊടുങ്ങല്ലൂർ ഭരണിപ്പാട്ട് എന്നിവ കേരളത്തിൽ പ്രസിദ്ധമാണ്. ഹ്രസ്വം, ദീർഘം, സംയുക്തം എന്നിങ്ങനെഅക്ഷരങ്ങളുടെ മൂല്യമനുസരിച്ചാണ് വർണ്ണം, ഗണം, യതി എന്നിവയെ നിശ്ചയിക്കുന്നത്. മാത്രാവൃത്തങ്ങളിൽ മാത്രകളുടെ എണ്ണവും, ഗണവൃത്തങ്ങളിൽ അക്ഷരങ്ങളുടെ എണ്ണവും നിയാമകങ്ങളാണ്.

ഇരുപത്തിനാല് അക്ഷരങ്ങളിൽ തുടങ്ങി, നാല്പത്തിഎട്ട് അക്ഷരങ്ങൾവരെയാണ് പ്രമുഖമായ ഛന്ദസ്സുകൾ വേദങ്ങളിൽ കാണുന്നത്. ഗായത്രി (24), ഉഷ്ണിക് (28), അനുഷ്ടുപ് (32), ബൃഹതി (36), പംക്തി (40), ത്രിഷ്ടുപ് (44), ജഗതി (48) എന്നിവയാണ് പ്രമുഖമായ ഏഴ് ഛന്ദസ്സുകൾ. ഛന്ദോവിചിതിയെന്ന പേരിലും, ഛന്ദോനുശാസനം, ഛന്ദോവിവൃത്തി, ഛന്ദോമാനം എന്നിങ്ങനെഛന്ദസ്സിനെസംബന്ധിച്ച ശാസ്ത്രത്തിന് പേരുകളുണ്ട്.

വർണ്ണങ്ങളെ ആശ്രയിച്ചു, മാത്രകളെ ആശ്രയിച്ചും ഛന്ദസ്സുകൾ ധാരാളമുണ്ടെങ്കിലും പ്രയോഗത്തിൽ പലതും വിരളമായിത്തുടരുന്നു. വാല്മീകി രാമായണത്തിൽ പതിമൂന്നും, മഹാഭാരതത്തിൽ പതിനെട്ടും, ശ്രീമദ് ഭാഗവത മഹാപുരാണത്തിൽ ഈരുപത്തഞ്ചും, തുടന്ന് പഞ്ചമഹാകാവ്യങ്ങളിലും മറ്റ് ഖണ്ഡകാവ്യങ്ങളിലുമായി അമ്പതോളം ഛന്ദസ്സുകൾ പ്രയോഗിച്ചിട്ടുണ്ട്. കേരളവർമ്മവലിയകോയിത്തമ്പുരാന്റെ സംസകൃതകാവ്യമായ ക്ഷമാപണസഹസ്രത്തിൽ മാത്രം നാല്പത്തി അഞ്ച് ഛന്ദസ്സുകൾ പ്രയോഗിച്ചിട്ടുണ്ട്. മേല്പുത്തൂരിന്റെ ശ്രീമാന്നാരായണീയത്തിൽ ഇരുപത്തിനാല് വൃത്തങ്ങളാണ് പ്രയോഗിച്ചിട്ടുള്ളത്.

ഭഗവാൻ ശിവനിൽനിന്ന് പിംഗളൻ എന്ന ഋഷിയ്കാണ് ഛന്ദശ്ശാസ്ത്രത്തിന്റെ ഉപദേശം ആദ്യം കിട്ടിയത്. പിംഗളന്റെ ഛന്ദശ്ശാ സൂത്രമെന്ന ഗ്രന്ഥം ഗണിതശാസ്ത്രത്തിന്റെ ഭാരതീയ സമ്പ്രദായത്തിന്റെ കൂടി ഒരു ഉത്തമമായ ഉദാഹരണമാകുന്നു. പിംഗളന്റെ ഛന്ദശ്ശാസ്ത്രവും, ഗണിതശാസ്ത്രസിദ്ധാന്തങ്ങളുമായി അതിന്റെ ബന്ധത്തെയും മറ്റൊരു ലേഖനത്തിൽ പ്രതിപാ

ദിയ്ക്കാം.

കേരളത്തിലെ സവർണ്ണർക്കിടയിൽ, അക്ഷരശ്ലോകസദസ്സുകളിൽ മാത്രാവൃത്തങ്ങളും, അനുഷ്ടപ്ഛന്ദസ്സും വർജ്ജിയ്ക്കപ്പെട്ടവയാണ്. ശാർദ്ദൂലവിക്രീഡിതവും സ്രഗ്ദ്ധരയും, വസന്തതിലകവും കഴിഞ്ഞാൽ രഥോദ്ധതയ്ക്കും മന്ദാക്രാന്തയ്ക്കും, ദ്രുതവിളംബിതത്തിനുമാണ് അക്ഷരശ്ലോകസദസ്സുകളിൽ കൂടുതൽ ഉപയോഗം കാണുന്നത്. ദ്രാവിഡവൃത്തങ്ങളും ശ്ലോകസദസ്സുകളിൽ പ്രിയമല്ല. ശാർദ്ദൂലവിക്രീഡിതത്തിന് പ്രസിദ്ധമലയാളകവിയായിരുന്ന കാഞ്ഞൂർ നെടിയപ്പറമ്പ് ബ്രഹ്മശ്രീ. ദുർഗ്ഗാദത്തൻ ഭട്ടതിരിപ്പാടിന്റെ പദ്യം ഉദാഹരണമായെടുക്കാം — (ഓരോ വരിയിലും പത്തൊമ്പത് അക്ഷരം)

“പാടിപ്പാടിയനന്തമാധുരിചൊരിഞ്ഞാ
ലോലമെൻ ചന്ദന-
ക്കാടിൻ ശാദ്വലസാന്ദ്രകാന്തിയിലഴി
ഞ്ഞാടും കളാലാപിനി,
കൂടികൂടിവരുന്നരാഗമൊടുഞാൻ നിൻ
പഞ്ചവർണ്ണക്കിളി-
കൂടിൻ വാതിലിൽവെയ്ക്കുമീപ്പഴയരി
ക്കാണിയ്ക്ക കൈകൊള്ളുമോ.”

സ്രഗ്ദ്ധരയ്ക്ക് ഉദാഹരണമായി എന്റെ തന്നെ ശ്രീദുർഗ്ഗാപ്രശസ്തിയിലെ മഹിഷാസുരവധ പ്രസംഗത്തിലെ ഒരു പദ്യം കാണിയ്ക്കാം - (സ്രഗ്ദ്ധരയ്ക്ക് ഓരോവരിയിലും ഇരുപത്തൊന്നക്ഷരം)

“ഹസ്താബ്ജാധാരഘോരപ്രകടിതവി
പുലപ്രോല്ലസച്ഛസ്ത്രജാല-
ക്ഷേപക്ഷേമത്രിലോകപ്രസൃമര വിനു
താനുഗ്രഹോപാത്തരൂപാം.
ശൂലാഗ്രോഗ്രപ്രഹാര പ്രണിഹതമഹിഷ
പ്രോദ്ദഹത്പ്രൗഢിപൂര-
പ്രോദ്ഘദ്ദാസത്സല്യഭക്താശയശയനച
ണാമംബികാമാശ്രയേഹം.”

അഭിനന്ദന്റെ കാവ്യങ്ങളിൽ അനുഷ്ടപ്പും, പാണിനിയുടെ ഉപജാതിയും, ഭാരവിയുടെ വംശസ്ഥവും, രത്നാകരന്റെ രുചിരയും, കാളിദാസന്റെ മന്ദാക്രാന്തയും, രാജശേഖരന്റെ സുവൃത്തതിലകമെന്ന ഗ്രന്ഥത്തിലെ വൃത്തമുക്താസഞ്ചയത്തിൽ പ്രശംസിയ്ക്കപ്പെട്ടിട്ടുണ്ട്.

പിംഗളന്റെ ഛന്ദശ്ശാസൂത്രം വേദത്തിലെയും ലോകത്തിലെയും ഛന്ദസ്സുകളെ വിശദമാക്കുമ്പോൾ, പിന്നീടുവന്ന കേദാരഭട്ടന്റെ വൃത്തരത്നാകരം, ഗംഗാദാസന്റെ ഛന്ദോമഞ്ജരി, കാളിദാസന്റെ ശ്രുതബോധം, ക്ഷേമേന്ദ്രന്റെ സുവൃത്തതിലകം എന്നീ ഗ്രന്ഥങ്ങൾ ലൗകികഛന്ദസ്സുകളെ വിവരിയ്ക്കുന്നു. ഇവയ്ക്കപ്പുറമം, ജയദേവന്റെ ജയദേവഛന്ദസ്സ്, ജയകീർത്തിയുടെ ഛന്ദോനുശാസനം, ഛന്ദശ്ചൂഡാമണി എന്നീ ഗ്രന്ഥങ്ങളും ലൗകികവൃത്തങ്ങളുടെ വിവരണഗ്രന്ഥങ്ങൾ തന്നെ.

ശിവനിൽ നിന്നും നേരിട്ടല്ല പിംഗളന് ഛന്ദശ്ശാസ്ത്രനിയമങ്ങൾ ലഭിച്ചതെന്നും പക്ഷമുണ്ട്. ശിവനിൽനിന്ന് ഗുഹനും, ഗുഹനിൽനിന്ന് സനത്കുമാരനും, ക്രമേണ ബൃഹസ്പതി, ഇന്ദ്രൻ, ശേഷനാഗനായ പതഞ്ജലി, പിംഗളൻ എന്നിങ്ങനെഉപദേശപരമ്പരയും കേൾക്കുന്നുണ്ട്.

അക്ഷരസംഖ്യകളെ ആശ്രയിച്ചുവരുന്ന ഛന്ദസ്സ് വൃത്തവും, മാത്രകളെ ആശ്രയിയ്ക്കുന്നത് ജാതിയുമാണ്. പദസംയോഗംകൊണ്ടാണ് പദ്യം എന്നു വിളിയ്ക്കുന്നത്. വൃത്തം മൂന്നുതരത്തിലാണ്. സമവൃത്തം, അർദ്ധസമവൃത്തം, വിഷമവൃത്തം എന്നിങ്ങനെ.

അക്ഷരസംഖ്യാതമായവൃത്തം ഗണപ്രതീകങ്ങളെക്കൊണ്ടാണ് വൃത്തങ്ങളെ വേർതിരിയ്ക്കുന്നത്. പതിനാറോ അതിലധികമോ അക്ഷരങ്ങൾ ഓരോപാദത്തിലും വരുന്ന വൃത്തങ്ങൾക്ക് യതിനിയമവുമുണ്ട്. നിയതസ്ഥാനങ്ങളിൽ പദച്ഛേദം പാലിച്ചാൽ അത് യതിയാകും. ഗണപ്രതീകങ്ങൾ യ,ര,ത,ഭ,ജ,സ,മ,നഎന്നിവയും ഗുരുവിന് ഗ എന്നും, ലഘുവിന് ല എന്നുമാണ്.

ഒരൊറ്റ അക്ഷരം കൊണ്ട് ഉക്ഥാ, രണ്ടക്ഷരം കൊണ്ട് അത്യുക്ഥാ, മൂന്നുകൊണ്ട് മദ്ധ്യം, മൃഗീ എന്നിവയും, നാലുകൊണ്ട് പ്രതിഷ്ഠാ അഥവാ കന്യാ, സതീ എന്നിവയും അഞ്ചുകൊണ്ട് സുപ്രതിഷ്ഠാ, പ്രിയാ എന്നിവയും, ആറുകൊണ്ട് തനുമദ്ധ്യം, ശശിവദനാ, സോമരാജീ എന്നിവയും, ഏഴുകൊണ്ട് മധുമതീ, കുമാരലളിതാ, മദലേഖ എന്നിവയും, പ്രസിദ്ധമാണ്. ഇതിൽ ആറും ഏഴും അക്ഷരങ്ങൾ ആവർത്തിയ്ക്കുന്ന വൃത്തങ്ങൾക്ക് യഥാക്രമം ഗായത്രീ, ഉഷ്ണിക് എന്നാണ് പേരുകൾ. ഒളപ്പമണ്ണയുടെ നങ്ങേമക്കുട്ടിയിലെ ഗായത്രവൃത്തമായോ, സന്ധ്യാവന്ദനത്തിലെ ഗായത്രിയുമായോ ഇതിന് ബന്ധമില്ലെന്നോർക്കുക.

ശ്ലോകസദസ്സുകളിൽ വർജ്ജനീയമായ അനുഷ്ടുപ് എന്ന ഛന്ദസ്സ് അഞ്ചു തരത്തിലാണ്. ചിത്രപദാ, മാണവകം, വിദ്യുന്മാലാ, സമാനികാ, പ്രമാണികാ എന്നിങ്ങനെ. ഇതിൽ പ്രമാണിക ഇരട്ടിച്ച് പഞ്ചചാമരമായാൽ ശ്ലോകസദസ്സിലേക്ക് പ്രവേശം ലഭിയക്കും. അഷ്ടാക്ഷരിയായ ഗജഗതിയും അനുഷ്ടുപ് ഛന്ദസ്സായതുകൊണ്ട് സാമാന്യമായി ആറുതരം എന്നു ഗണിയ്ക്കാം. ഛന്ദശ്ശാസ്ത്രത്തിന്റെ ത്രിജ്യാമിതീയ ഗണിതവിഷയങ്ങൾ മറ്റൊരവസരത്തിൽ വിവരിയ്ക്കാം.



# വെറുതെ നടക്കുന്നതിനെക്കുറിച്ച്

പി. ഐ.

വെറുതെ നടക്കാത്തവരുണ്ടോ? എന്നും രാവിലെ പൻവേലിലെ കാരണവർ മടങ്ങർലി കുട്ടേട്ടൻ മുതൽ പണിക്കം മുരളിവരെയുള്ളവർ തുടർന്നുപോകുന്ന ദിനചര്യയെപ്പറ്റിയല്ല, മറിച്ച് പ്രത്യേകിച്ച് യാതൊരു ഉദ്ദേശ്യവും ഇല്ലാതെ മനോരാജ്യം കണ്ട് വർത്തമാനം പറഞ്ഞ് വെറുതെ നടക്കുന്നതിനെക്കുറിച്ചാണ്. വൈകുന്നേരങ്ങളിലോ വാരാന്ത്യങ്ങളിലോ ഉള്ള വെറും നടത്തങ്ങൾ ഒരു കാലത്തു മലയാളിയുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. ഒറ്റക്കോ കൂട്ടായോ എങ്ങിനെ എങ്കിലും. പക്ഷെ നടക്കാത്തവർ കുറവായിരുന്നു. വാഹനങ്ങളും സൗകര്യങ്ങളും ഉള്ളവരും ഇല്ലാത്തവരും ഒരുപോലെ ആസ്വദിച്ചിരുന്നു.

നടത്തം ഒരു ലക്ഷ്വറി ആയി കാണുന്നവരും ഉണ്ടായിരുന്നു. "അയാൾക്കൊക്കെ വെറുതെ നടക്കാലോ" എന്ന് ചോദിക്കുന്നവർ ധാരാളമുണ്ടായിരുന്നെങ്കിലും അതുകേട്ടു ആരും നടത്തം നിർത്തുകയോ, ചോദ്യങ്ങൾ ചോദിക്കുന്നവർ അത് നിർത്തുകയോ, ഉണ്ടായില്ല. പക്ഷെ നടത്തം ജീവിതത്തിന്റെ ഭാഗമായി തുടർന്ന് കൊണ്ടേയിരുന്നു.

ബി ബി സി മാഗസിന്റെ ഒരു പഴയ ലക്കത്തിലെ "സ്ലോ ഡെത്ത് ഓഫ് പർപ്പസ്‌ലെസ്സ് വാക്കിങ്" വായിക്കുന്നതിനിടെയാണ് പഴയ ചില നടത്തക്കാഴ്ചകൾ മനസ്സിൽ വന്നത്.

പർപ്പസ്‌ലെസ്സ് വാക്കിങ് എന്ന പേരിൽ പടിഞ്ഞാറൻ രാജ്യങ്ങളിൽ വിഖ്യാതമായ നടത്തം ഏറിയും കുറഞ്ഞും നമ്മുടെ ഇടയിലും ഉണ്ടായിരുന്നു. ഒരു പക്ഷെ നമ്മൾ തന്നെ നടത്തിയിരുന്നു. അതുകൊണ്ടു ചാൾസ് ഡിക്കൻസും വേർഡ്സ്വർത്തും മുതൽ കാമുവും സാർത്രും വരെയുള്ള യൂറോപ്പിലെ വിഖ്യാതരായ അലസനടത്തക്കാരെ കുറിച്ച് പറയാനല്ല മറിച്ചു നമ്മുടെ പഴയകാല ശീലങ്ങളിലേക്കു ഒന്ന് തിരിഞ്ഞു നോക്കാനാണ് ശ്രമിക്കുന്നത്.

അലസ നടത്തക്കാരുടെ ഇടയിൽ മനസ്സിൽ തങ്ങി നിൽക്കുന്ന ഓർമകളിൽ ഇപ്പോഴും ആദ്യം വരുന്നത് തലയിൽ ഒരൊറ്റ കറുത്ത മുടി പോലുമില്ലാത്ത, ഒരു കാലൻ കുടയുമായി എല്ലാ വൈകുന്നേരങ്ങളിലും മുത്തശ്ശനെകാണാൻ വന്നിരുന്ന പി.എം.എസ് നമ്പൂതിരിപ്പാടിനെയാണ്. തലയിലെ വെളുത്ത മുടിചീകിയൊതുക്കി തൊട്ടപ്പുറത്തെ തറവാട്ടു മുറ്റത്തു ക്രിക്കറ്റ് കളിച്ചിരുന്ന ഞങ്ങൾ കുട്ടികൾക്ക് നിർദേശങ്ങൾ തന്നും ഏതാണ്ട് അരമണിക്കൂർ ചിലവഴിച്ചു തിരിച്ചു നടക്കാറുള്ള പുളമണ്ണ നമ്പൂരിയുടെ (മടങ്ങർലി കുട്ടേട്ടന്റെ അമ്മാവൻ) ഈവെനിംഗ് വോക് ഓർമയിൽ തങ്ങി നിൽക്കുന്ന ആദ്യത്തെ പർപ്പസ്‌ലെസ്സ് വാക്കിങ്ന്റെ ഓർമയാണ്.

പിന്നീട് ജോലിയുടെ ഭാഗമായി ഡൽഹിയിൽ ഉണ്ടായിരുന്നപ്പോൾ പാർലമെന്റ് സ്ട്രീറ്റിൽ നിന്നും റാഫി മാർഗിലെ യു എൻ ഐ യുടെ ക്യാന്റീനിലേക്കു വൈകുന്നേരങ്ങളിൽ മേല്പറഞ്ഞ പർപ്പസ് ലെസ്സ് വാക്കിങ് ഉണ്ടായിരുന്നു. പാലക്കാട് ട്രസ്റ്റ് ഓഫ് ഇന്ത്യ എന്ന് വിളിപ്പേരുള്ള പി ടി ഐയുടെ ഉത്തർപ്രദേശ്കാരൻ ഒയ്യ നടത്തുന്ന ക്യാന്റീനിൽ നിന്നും ഭക്ഷണം കഴിക്കാൻ മടിച്ചുള്ള യാത്രയായിരുന്നു അത്. യു എൻ ഐയുടെ തമിഴൻമാർ നടത്തിയിരുന്ന ക്യാന്റീനിലേക്കു ഫിൾറ്റർ കാപ്പികുടിക്കാനുള്ള ആ യാത്രക്കിടയിലാണ് പലപ്പോഴും ചൂടേറിയ വാഗ്വാദങ്ങളും അധികാര ഇടനാഴികളിലെ

അരമനാരഹസ്യങ്ങളും എല്ലാം ചർച്ച ചെയ്തിരുന്നത്.

പിന്നീട് മുംബൈയിൽ പക്ഷെ അത്തരം ചെറിയ നടത്തങ്ങളെല്ലാം നിലച്ചുപോയി. സാമ്പത്തിക തലസ്ഥാനം തീർച്ചയായും വ്യത്യസ്തയായിരുന്നു. ഇവിടെ സമയം, അതാണ് എല്ലാം നിശ്ചയിച്ചിരുന്നത്. ഡൽഹിയും ബാംഗ്ലൂരുമെല്ലാം അലസമായ നഗരങ്ങളാണെങ്കിൽ മുംബൈ കാലിനു തീപിടിപ്പിക്കുന്ന നഗരമാണ്. തീർച്ചയായും ഇതൊരു കോർപ്പറേറ്റ് വൽക്കരിക്കപ്പെട്ട നഗരമാണ്. ഇവിടെ അലസമായി വീണുകിട്ടുന്ന സമയങ്ങൾ കുറവ്. പിന്നെ കൂടെ മാധ്യമ പ്രവർത്തനം കൂടിയായാലോ?

പക്ഷെ, അനുഭവങ്ങൾക്കപ്പുറത്ത് അലസമായ നടത്തത്തിനു പിറകിൽ വലിയൊരു തത്വശാസ്ത്രം ഉണ്ട്. "നടക്കാൻ കുറച്ചൊക്കെ ശ്രദ്ധ ആവശ്യമുണ്ട്, പക്ഷെ, അതിനപ്പുറം, അത് മനസ്സിനെവലിയ ഒരു അളവിൽ സ്വാതന്ത്രമാക്കാറുണ്ട്. അത് കൂടുതൽ ക്രിയേറ്റീവ് ആയി ചിന്തിക്കാൻ നമ്മെ സഹായിക്കും," ദി ലോസ്റ്റ് ആർട് ഓഫ് വോക്കിങ് എന്ന പുസ്തകത്തിൽ ജിയോഫ് നിക്കോൾസൻ എഴുതുന്നു. കൂടുതൽ ചിന്തിക്കാനും കൂടുതൽ സൃഷ്ടിപരമായ ഇടപെടലുകൾക്കും സഹായിക്കുമെന്ന് മിക്കവാറും എല്ലാ പഠനങ്ങളും വെളിപ്പെടുത്തുന്നു.

അതേ സമയം കൂട്ടായ നടത്തങ്ങളും ഏറി വരുന്നുണ്ട്. ഗ്രൂപ്പ് വോക്കിങ് എന്ന പേരിൽ അറിയപ്പെടുന്ന ഇത്തരം നടത്തങ്ങൾ തീർച്ചയായും ആരോഗ്യരക്ഷ എന്ന അർത്ഥത്തിലാണ് പ്രശസ്തി നേടിയിട്ടുള്ളത്. പക്ഷെ അതിനെല്ലാം അപ്പുറം നമ്മുടെ ഇടയിൽ അടുപ്പമുള്ളവരുടെ അടുത്തേക്ക് ഒരു ഗ്രൂപ്പ് ആയി സന്ദർശിക്കാറുണ്ടായിരുന്നു. ഒരു ചെറിയ ദൂരം നടന്നു പോവുകയും അങ്ങനെകൂടും ബന്ധങ്ങളുമായി ഒരു ഇഴയടുപ്പമുണ്ടാക്കുകയും ചെയ്യുന്ന അത്തരം ചെറിയ ഗ്രൂപ്പ് നടത്തങ്ങൾക്കു പലപ്പോഴും തത്വചിന്തയുടെ പിൻബലമുണ്ടായേക്കില്ല. പക്ഷെ അത് എന്നും നമ്മുടെ ബന്ധങ്ങൾ നില നിർത്താനും അവക്ക് ഊർജ്ജം പകരാനും സഹായിച്ചിരുന്നു.

പലപ്പോഴും നാട്ടിൽ കാണുന്ന അത്തരം ചെറിയ കൂട്ടായ്മകൾ ഇടക്കും തലക്കുമൊക്കെ നാം നഗരങ്ങളിൽ കാണാറുണ്ട്. പക്ഷെ ഡിജിറ്റൽ കാലത്തു ബന്ധങ്ങൾ മുഴുവൻ മൊബൈൽ ആയി മാറുന്നതോടെ അത്തരം കൂട്ടായ്മകൾക്ക് സ്ഥാനം നഷ്ടപ്പെട്ടു പോകാറുണ്ട് എന്ന് ന്യായമായും സംശയിക്കണം.

ഒരുപക്ഷെ അത്തരം ചെറിയ നടത്തങ്ങൾ വലിയ നേട്ടങ്ങൾക്കു വേണ്ടിയും സൗഹൃദങ്ങളുടെ, ബന്ധങ്ങളുടെ ഇഴകൾ കൂടുതൽ അടുപ്പിക്കുന്നതിനും സഹായകമാകുമെന്നത് ഇതുപോലുള്ള പ്രവാസി കൂട്ടായ്മകൾ തിരിച്ചറിയേണ്ടതുണ്ട്. അതുകൊണ്ട് വാട്ട്സ് ആപ്പിനും ഫേസ്ബുക്കിനും അപ്പുറത്തേക്ക് ഉള്ള നടത്തമാകും BYS ന്റെ പരിശ്രമങ്ങളെ അതിന്റെ യഥാർത്ഥ അർത്ഥത്തിലേക്കു എത്തിക്കുക.

# WEDDING BELLS

Jayanthan (S/o. Sri.Mullappilly Paduthol Narayanan Namboodirippad) with Swathi (D/o. Sri.Thazhakkulathu Sankaranarayanan Namboodiri) on 28-10-2016.

Linesh (S/o. Sri.Palakkattiri Sankaranarayanan) with Priyanka (D/o.Sri.Mangottasseri Devan Namboodiri) on 31-10-2016.

Rahul (S/o.Sri.Thekkedath Ravi) with Sreedevi ) D/o.Sri.Sankararaman , Vadakkummail Illam) on 12-11-2016.

Vinod (S/o. Sri.T.M.S.Narayanan) with Neha (D/o.Shri.Gopinath) on 9-11-2016.

Sreeprashanth K, Kakkuzhi Illam weds Thushara KM, Karuthedath Madom on 4th November 2016 at Kakkuzhi Illam.

# എന്റെ ഇല്ലം



പുന്നേരി പേത്രരെന്നോരില്ലം
മാക്കുണ്ഡത്തിൻ പകരമായ് വന്നോരില്ലം
പേത്രരുമാർ മൂന്നുള്ളെതിലൊരില്ലം
പുന്നേരി, കോല്ലൂർ, മാക്കാണ്ഡമെന്നിങ്ങനെ
അടുപ്പിൻ കല്ലു വെച്ചു പോലൊരില്ലം.
ആണുങ്ങളില്ലാത്ത് ദത്ത് പോന്നോരില്ലം
ബാലകൻ കാരണവരായിട്ടുള്ളോരില്ലം
മൂന്നുപേരിൽ മദ്ധ്യമൻ കാരണവരായിട്ടുള്ളോരില്ലം
മുത്തശ്ശനും ജേഷ്ഠനും പരമേശ്വരനായിട്ടുള്ളോരില്ലം
അച്ഛനും അനുജനും ഹരിയായിട്ടുള്ളോരില്ലം
വളപട്ടണം പുഴയ്ക്കരെ നിലനിന്നോരില്ലം
ഇന്നിതാവയൽക്കരെസ്ഥിതി ചെയ്യുന്നോരില്ലം
കാര്യസ്ഥന്മാർ ചതിച്ചോരില്ലം
കാര്യസ്ഥന്മാരെ വളർത്തിയോരില്ലം
ഇന്നിതാ പ്രൗഢമായി നില്ക്കുന്നു പുന്നേരി ഇല്ലം.

**പുന്നേരി പേരൂർ ശങ്കരൻ**



# ബാല്യം

ഭൂതകാലത്തിന്റെ വാതിൽ തുറന്നൊന്നു
ബാല്യത്തിൻ അനുഭൂതി നുകരാൻ
മകനായ് കടം തന്ന ബാല്യത്തിൻ വഴി
യിലൂടൊരു മാത്ര ഞാനൊന്നു നീങ്ങി
പച്ച പിടിച്ചൊരു തൊടിയും
പച്ച നിറമഞ്ഞുകലരും കുളവും
കണ്ടില്ലാ ഞാനാ ബാല്യത്തിൻ വഴിയിലായ്
നീണ്ടു നിവർന്നൊരു നാലു കെട്ടും
മഴയിൽ നനഞ്ഞൊരു നടുമുറ്റവും
കണ്ടില്ലാ ഞാനാ ബാല്യത്തിൻ വഴിയിലായ്
നിറമുള്ള സന്ധ്യയും നീലാകാശവും
വിടരുന്ന മൊട്ടും വാനമ്പാടിയും
കണ്ടില്ലാ ഞാനാ ബാല്യത്തിൻ വഴിയിലായ്
നാലു ചുവരിനാൽ വരിഞ്ഞു മുറുക്കിയ
ശുഷ്കമാം ബാല്യത്തിൽ കൊഴിഞ്ഞ ഇതളുകൾ
മകനേ ക്ഷമിക്കുക നിനക്കേകാനായ് എൻകൈയ്യിൽ
നിറമുള്ള ബാല്യത്തിൻ പൂക്കളില്ല
ശ്രുതി മീട്ടി പാടുവാൻ കിളികളില്ല
കുളിരേകി തഴുകുവാൻ കാറ്റുമില്ല
പുതുമണമേകുവാൻ മണ്ണുമില്ല
വരണ്ട ഈ മണ്ണിലെ ശുഷ്കമാം ബാല്യത്തെ
ഈ അമ്മതൻ അശ്രു കുളിർപ്പിക്കട്ടെ

**സ്മിത സുരേഷ് , അരയന്നമംഗലം**

# സംവാദസൂക്തം

### ഈയ്ക്കാട് നാരായണൻ നമ്പൂതിരി

ഫലശ്രുതി: (1) ദേവന്റെയോ ദേവിയുടെയോ ഉപാസനയ്ക്ക് (2) ജപം, നമസ്കാരം, പുഷ്പാഞ്ജലി മുതലായവയ്ക്ക് (3) അഭീഷ്ടസിദ്ധിയ്ക്ക്, (4) കലഹവും മത്സരബുദ്ധിയും ഇല്ലാതാക്കി, ഐക്യവും സൗഹാർദ്ദവും വർദ്ധിപ്പിക്കുക മുതലാവയ്ക്ക് (5) സ്വാധീനശക്തി, യശസ്സ്, ധനം എന്നിവ വർദ്ധിപ്പിക്കാനും ഈ സൂക്തം ഉപയോഗിക്കാറുണ്ട്

1. ഓം സംസമിദ്യുവസേ വൃഷന്നഗ്നേ വിശ്വാന്യര്യ ആ
ഇളസ്പദേ സമിധ്യസേ സനോവസൂന്യാഭര

സാരം: കാമങ്ങളെ വർഷിക്കുന്ന ഹേ അഗ്നേ, ഈശ്വരനായ അങ്ങുന്ന് എല്ലാ ഭൂതജാലങ്ങളെയും വൈശ്വാനരസ്വരൂപനായി ദേവന്മാരുടെ മദ്ധ്യത്തിലേക്ക് എത്തിക്കുന്നു. കൂടാതെ ഭൂമിയിൽ അവിടുന്ന് ഋത്വിക്കുകളാൽ ഉത്തരവേദിയിൽ ജ്വലിപ്പിയ്ക്കപ്പെടുന്നു. ആ അങ്ങുന്നു ഞങ്ങൾക്ക് ധനം തന്നാലും.

(NB. 1. വൈശ്വാനരൻ = അഗ്നി, ജഠരാഗ്നി, വേദാന്തത്തിൽ സാമാന്യബോധം, പരമാത്മാവ് എന്നൊക്കെ ധരിക്കണം.

2. ആദ്യത്തെ വരിയിലെ സം സം എന്നത് അവസാനാക്ഷരം ആ എന്നതിനോടു ചേർക്കണം)

2. സംഗച്ഛധ്വം സംവദധ്വം സം വോ മനാംസി ജാനതാം
ദേവാഭാഗം യഥാപൂർവ്വേ സഞ്ജാനാനാഃ ഉപാസതേ

സാരം: അല്ലയോ സ്തോതാക്കളേ, നിങ്ങൾ എല്ലാവരും ഒന്നിച്ചു കൂടി നടന്നാലും, പരസ്പരവിരോധമില്ലാത്ത രീതിയിൽ വാക്യം പറഞ്ഞാലും. നിങ്ങളുടെ മനസ്സ് ഒരേ ഉദ്ദേശത്തോടു കൂടിയതാവട്ടെ. പുരാതനദേവൻമാർ ഐകമത്യത്തോടുകൂടി, ഏതുവിധം സ്വസ്വ ഹവിർഭാഗങ്ങളെ സ്വീകരിന്നുവോ, അതേ വിധം നിങ്ങളും സ്വസ്വ ഭാഗങ്ങളെ സ്വീകരിക്കുക.

(NB: സംജാനാനാഃ = ഐകമത്യത്തോടെ എന്നർത്ഥം)

3. സമാനോ മന്ത്ര സ്സമിതിസ്സമാനീ സമാനം മനസ്സഹചിത്തമേഷാം
സമാനം മന്ത്രമഭിമന്ത്രയേ വസ്സമാനേനവോ ഹവിഷാ ജുഹോമി

സാരം: ഒരേ കർമ്മത്തിൽ, ഒരുമിച്ചു പ്രവർത്തിക്കുന്ന, ഋത്വിക്കുകളുടെ മന്ത്രം (സ്തുതി) ഏകവിധമാകട്ടെ. അവരുടെ പ്രാപ്തി, മനസ്സ് ചിത്തം എന്നിവയും ഒരേ ഉദ്ദേശത്തോടു കൂടിയതാവട്ടെ. നിങ്ങളുടെ ഐകമത്യത്തിനായി മന്ത്രം കൊണ്ടു ഉപാസിക്കുകയും ചരുപുരോഡാശാദി ഹവിസ്സുകളെ കൊണ്ട് ഹോമിക്കുകയും ചെയ്യുന്നു.

(NB: ചരു, പുരോഡാശം എന്നിവ ഹോമദ്രവ്യങ്ങളാണ്)

4. സമാനീവ ആകൂതി സ്സമാനാ ഹൃദയാനി വഃ
സമാനമസ്തുവോ മനോ യഥാ വസ്സുസഹാസതി

സാരം: ഹേ ഋത്വിക് യജമാനന്മാരേ, നിങ്ങളുടെ സങ്കല്പം, തീരുമാനം, ഏകവിധമാകട്ടെ. അതുപോലെ നിങ്ങളുടെ ഹൃദയങ്ങളും ഏകവിധമാവട്ടെ. ഏതു വിധമായാൽ ശോഭനമായ കൂടിച്ചേർച്ച വരുന്നുവോ, അപ്രകാരം നിങ്ങളുടെ അന്തഃകരണവും ഏകരൂപമാവട്ടെ.

■ സുനിത എഴുമാവിൽ

# അയ്യ

കുറ്റിപ്പാലയിലെ ആൽമരം കൊണ്ട്, എന്റെ കുട്ടിക്കാലത്ത് നാട്ടിൽ പൊട്ടൻ തിരിയാത്തവരായി ആൾക്കാർ നന്നേ കുറവായിരുന്നു. സ്കൂളിന്റെ അടുത്തുള്ള ചായക്കടയിലെ ഉണ്ണൻ പൊരിയും ബോണ്ടയും ഉണ്ടാക്കാനുള്ള ഗോതമ്പെടുക്കാൻ എടപ്പാളങ്ങാടിയിലേക്കു പോയി തിരിച്ച് വൈകി വരുന്ന രാമൻ നായർ, അരി പൊടിപ്പിക്കാൻ വട്ടംകുളത്ത് മില്ലിലേക്ക് പോയി നട്ടുച്ചയ്ക്ക് ഒറ്റയ്ക്ക് മടങ്ങിപ്പോന്ന അമ്മാളു ചോത്തി, ആരെയോ കാണാൻ പോയി എപ്പോഴോ മടങ്ങി വന്ന ചോമരത്തെ സരോജം, പിന്നെ കള്ളുഷാപ്പിൽ നിന്ന് ചൂട്ടില്ലാതെ മടങ്ങിയ കോരൻ, അങ്ങനെ പലരും പൊട്ടൻ തിരിഞ്ഞവരിൽ പെടും . കൂട്ടത്തിൽ ഏറ്റവും രസകരമായത് കൊളംകര വേലക്ക് പോയി തിരിച്ച് വരുന്ന വഴി വിളക്കത്ര ശങ്കരൻനായരും വെള്ളൂത്തടത്തെ ഗോപാലൻ നായരും ഒരു രാത്രി മുഴുവൻ ഷാരിക്കലെ പാടത്തു വട്ടം കറങ്ങിയതാണ്.

മുറ്റമടിക്കുകയും പാത്രം തേക്കുകയും ചെയ്യുന്നതിനിടയിൽ "നാലും ന്റെ കുട്ടീ.. നതിശാന്നാ പറയണേ" എന്ന വാചകത്തിന്റെ അകമ്പടിയോടെജ ാനകിയാണ്ഇ ൗക ഥകൾ ഒക്കെ എനിക്ക് പറഞ്ഞു തന്നിരുന്നത്. കാർന്നോന്മാരാരും കേൾക്കാതെ ശബ്ദം താഴ്ത്തിയാണ് കഥപറച്ചിൽ. കഥയിൽ ചോദ്യമില്ലാഞ്ഞിട്ടല്ല. ഈ പൊട്ടൻ തിരിക്കൽ ശരിക്കും എന്താന്ന് മനസ്സിലായിട്ടുമല്ല. പക്ഷെ നിയമം അതാണ്. മിണ്ടാതെകേൾക്കണം. പത്തായത്തിന്റെ പിറകിലും തട്ടിൻപുറത്തും വാല്യക്കാരത്തീടെ പിന്നാലെ നടക്കാതെ വല്ലതും പഠിക്കാൻ നോക്കിക്കൂടേന്നു എപ്പോൾ വേണമെങ്കിലും ചോദ്യം വരാം. രാവിലത്തെ നൂറ്റൊന്നു നമസ്കാരം കഴിഞ്ഞതാണെന്നും, ഒരൊട്ടത്തിന്റെ ദൂരത്തുള്ള കുറ്റിപ്പാല സ്കൂളിൽ മണിയടിക്കാൻ ഇനിയും സമയമുണ്ടെന്നുമൊക്കെ പറഞ്ഞുപോയാൽ പിന്നെ തർക്കുത്തരം ആയി.. ന്റെയീശ്വര.. അപ്പൊ മിണ്ടാതെ കേൾക്കാന്നും വെക്കും. പോരാത്തതിന് കഥ പറയുന്നത് പോലെ അല്ല, ഉത്തരം പറയാൻ ജാനകിക്കുമില്ല താല്പര്യം.

പൊട്ടൻ തിരിക്കുന്നതെങ്ങിനെ? ആര്? എന്നൊക്കെ അറിയാൻ ഞാൻ ഗൂഗിളിൽ പരതാതിരുന്നില്ല. അക്കാലത്തെ എന്റെ സർവ്വ വിജ്ഞാനകോശം ആയിരുന്ന ആമ്പ്രവളപ്പിലെ ഷീജയോട് ശാലപ്പറമ്പിലെ പാമ്പേർമാവിന്റെ ചോട്ടിൽ മാങ്ങ വീഴുന്നതും കാത്തിരുന്ന ഒരു വേനൽക്കാലത്തു പരമരഹസ്യമായി ഞാനിതു ചോദിച്ചു. അപ്പോഴാണ് ട്ടോ മനസ്സിലാ യത് ഇതങ്ങനെസിമ്പിൾ ആയ കാര്യം അല്ല. "ഒന്നിനോക്കണം പോണോരും കാര്യവിവരം ഉള്ളോരും ആയിക്കോട്ടെ.. 'ഒരു കാര്യോല്യ. ഒരു ബോധ ന്നാ പറേണ...പാടത്തിൻറെ ഒത്ത നടുലെത്തുമ്പോ പിടിച്ചു വലിക്കണ പോലെ... പിന്നെ തെക്കും വടക്കും അറിയാതെ ചിറ്റിത്തിരിയണേ!! വേറെ ആരെങ്കിലും കണ്ടു കൂട്ടികൊണ്ടോരണ വരെ". ഇതാണ് പൊട്ടൻ തിരിക്കൽ'. പക്ഷേ ഇത് വളരെ ലോവർ ലെവലിൽ ഉള്ള നമ്പർ ആണ്. കൂടിയ ഇനങ്ങൾ വേറെ ഉണ്ട്.

ജാനകി കഥ തുടർന്നു......

കുത്തുള്ളിപറമ്പിൽ കുടികിടപ്പുകാരനായിരുന്ന ചെമ്പന്റെ മകൾ അയ്യ ആണത്രേ ഞങ്ങളുടെ നാട്ടിലെ ആദ്യകാല ദുർമന്ത്രവാദി(നി). ഇപ്പോഴത്തെചില മന്ത്രവാദികൾ പറയുന്നത് പോലെ ചുട്ട കോഴിയെ പറപ്പിക്കും എന്നൊക്കെയുള്ള ടെപ്പ്ത്ത ല്ല.ഇ ത്‌ എറ്റം വേറെ. കൊറച്ചു കൂടി റിയലിസ്റ്റിക് ആയ ചില പെർഫോർമൻസ് ആണ്. അമേറ്റിക്കരക്കും കുമരനെല്ലൂരിനും അപ്പുറം ആരും കയറാത്ത നരിവാളൻ കുന്നിൽ ഏതോ ഗുഹയിൽ താമസിക്കുന്ന ഒരു കരിയൻ പറയൻ ആണത്രേ അയ്യക്കു ഈ വിദ്യകൾ പഠിപ്പിച്ചുകൊടുത്തത്. പിന്നീട് സബ്ജെക്റ്റിൽ പ്രവൃത്തിപരിചയത്തിലൂടെ ഉപരിപഠനം നടത്തിയ കഥാനായിക പൊട്ടൻ തിരിക്കൽ, മാട്ടം, മാരണം, ഒടിയൻ സേവ തുടങ്ങിയവയിൽ പ്രാവീണ്യം നേടുകയും എണ്ണം പറഞ്ഞ മാരണക്കാരിയായി പേരെടുക്കുകയും ചെയ്തു. മേല്പറഞ്ഞവ യിൽ ഏറ്റവും അവസാനത്തെ ഒടിയൻ സേവ ആണ് അയ്യക്കു ആജീവനാന്തം നാട്ടിൽ ആരാധകരെയും ശത്രുക്കളെയും ഉണ്ടാക്കി കൊടുത്തതത്രെ. (ഒടിയൻ, അയ്യയുടെ ബോയ് ഫ്രണ്ട് ആയിരുന്നു എന്നും ഒരുപക്ഷമുണ്ട്). എന്തായാലും അയ്യ ആരെയും കൂസാത്തവളും എന്തിനും പോന്നവളും ആയിരുന്നു. വിരോധം തോന്നുന്നവരുടെ അടുത്ത് പക്ഷിയായും മൃഗമായും ചിലപ്പോൾ മനുഷ്യരായുമൊക്കെ അസമയത്തു പ്രത്യക്ഷപ്പെട്ട് ഭയപ്പെടുത്തിയാണത്രെ അയ്യ തന്റെ എതിരാളികളെ വകവരുത്തിയിരുന്നത്. എന്നാലും മുത്തശ്ശിക്ക് മാത്രം അയ്യയെ ഒരു പേടിയും ഇല്ലായിരുന്നുത്രേ.

പടിക്കൽ മാത്രം വന്നു നിൽക്കാൻ അനുവാദം ഉണ്ടായിരുന്ന അയ്യയോട് സംസാരിക്കുകയും കുളിക്കാൻ എണ്ണ കൊടുത്തയക്കുകയും ചെയ്തിരുന്നുപോലും. 'തമ്പരാട്ടിയേ.. അടിയൻ ആരേം ഒന്നും ചെയ്തില്ലേ'ന്ന് അവൾ പറയുന്നത് കേട്ടവരുണ്ട്. മുത്തശ്ശി വിശ്വസിച്ചിരുന്നുവോ എന്നറിയില്ല. എന്തായാലും അവസാനം തന്റെ ഇരകളെപ്പോലെ തന്നെ ചോരച്ഛർദ്ദിച്ചു നരകിച്ചാണത്രെ ആ പെണ്ണൊരുത്തിയും ഇഹലോകവാസം വെടിഞ്ഞത്.

കൃഷിഭൂമി കർഷകന് കൊടുക്കാനാവശ്യപ്പെട്ടുകൊണ്ട്, ജാനകിയുടെ ഭാഷയിൽ പറഞ്ഞാൽ, ലെക്സലോള് കുന്നിറങ്ങുന്നതിനും 'ഏലംകൊളത്തെ കുഞ്ഞോമ്പരി' പടപൊറപ്പാടു തൊടങ്ങണതിനും മുമ്പേ, വിശാലമനസ്കനായ മുത്തശ്ശൻ, അടിയാളർ പോലും തിരസ്കരിച്ച, അയ്യയെ ഇല്ലപറമ്പിൽ സംസ്ക്കരിച്ചോളാൻ അനുവദിച്ചു. വിശാലമായ ഇല്ലപ്പറമ്പിന്റെ തെക്കേ അറ്റത്ത് ആരും ചെല്ലാതെ കാടുപിടിച്ചു കിടന്ന ഒരു മൂലയിൽ കണ്ട കുഴികളിലൊന്ന് അയ്യയെ കുഴിച്ചിട്ടാ തെണെന്ന് പറഞ്ഞു തന്നത് ജാനകിയാണ്. പിന്നീട് എത്രയോ രാത്രികളിൽ ജാനകിയുടെ വിവരണങ്ങളിലുള്ള എണ്ണകറുപ്പാർന്ന ആ പെൺരൂപം ഒറ്റ മുണ്ടുടുത്ത് , ഒരു കയ്യിൽ ഉയർത്തി പിടിച്ച മന്ത്രത്തകിടുകളുമായി, എണ്ണയിറ്റ് വീഴുന്ന മുടി കൊണ്ട് മാറുമറച്ച്, നീണ്ട കാലുകൾ അമർത്തി നടന്ന്, വടക്കേറേലെ ജനലിലൂടെ എത്തി നോക്കുന്നതായി എനിക്ക് തോന്നി, ഞാൻ ഉറക്കെ ഉണ്ണിയേട്ടാന്ന് അലറി വിളിച്ചു. അടുത്തു കിടന്നിരുന്ന ഏടത്തിയെ ഞെരിഞ്ഞു പിടിച്ചു. പേടിയില്ലാത്ത പകൽ നേരങ്ങളിൽ പക്ഷേ നിരീക്ഷണവും പഠനവും തുടർന്നു. കുറ്റിപ്പാലയെക്കുറിച്ച്. അതിന്റെ അവസാനിക്കാത്ത ഊട് വയ്പുകളെക്കുറിച്ച്.

വട്ടംകുളത്ത് നമ്പീശൻ മാഷുടെ ഗ്രാമർ ക്ലാസ്സുകളിൽ തനിച്ച് നടന്ന് പോകാൻ തുടങ്ങിയ കാലത്താണ് ഈ പറഞ്ഞ കുറ്റിപ്പാല ആല് നേരിൽ കാണുന്നത്. എന്റെ ഭാവനയിലുണ്ടായിരുന്ന പടുകൂറ്റൻ ആൽമരമൊന്നും ഇല്ല്യാതെയായിരുന്നു ഞാൻ കാണുമ്പോൾ. പൊടീനിയും, മുള്ള് മുരുക്കും പിന്നെ കുറച്ചു കുറ്റിച്ചെടികളും ചേർന്ന ഒരു പടർപ്പ്. പരന്നു കിടക്കുന്ന പാടത്തിന് നടുവിലായി രഹസ്യങ്ങൾ ഒളിപ്പിച്ച ഒരു തുരുത്ത്. പഴയ കാലത്തെ മന്ത്രവാദങ്ങൾക്ക് വേദിയായ, വഴിയേ വരുന്നവരെ ആകർഷിച്ചു വരുത്തി വഴി തെറ്റിച്ചു വട്ടം കറക്കുന്ന മാന്ത്രികദ്വീപ്.

കുറച്ചു വളർന്നപ്പോൾ, ഈ മന്ത്രവാദം ഒന്നും ശരിക്കുള്ളതല്ലെന്നും, ഒക്കെ ചില മനോവിഭ്രാന്തികളാണെന്നും, രാമേട്ടൻ പറഞ്ഞു തന്നു. എനിക്ക് എന്നും എന്റെ ഏട്ടനെ വിശ്വാസവുമാണ്.എന്നിരിക്കിലും കുമരനല്ലൂർ സ്കൂളിലെ ജൂബിലി ഗ്രൗണ്ടിൽ നിന്ന് നോക്കിയാൽ അങ്ങകലെ കാണുന്ന നരിവാളൻ കുന്നു നോക്കി നിന്നപ്പോഴൊക്കെ, കൂട്ടുകാരോട് പറയാൻ പറ്റാതിരുന്ന ഒരു ആഗ്രഹം, കുന്നിന്റെ മണ്ടയിൽ ഗുഹയുണ്ടോ എന്ന് കയറിനോക്കാൻ തോന്നിയിട്ടുണ്ട്!! മന്ത്രവാദിയുടെ "പ്രോപ്പർട്ടീസ്" കിട്ടിയിരുന്നെങ്കിൽ കട്ടച്ചൻ എന്ന് ഇരട്ടപ്പേരുള്ള കണക്കു മാഷിനെ ഒന്ന് പേടിപ്പിക്കണം എന്നും മോഹം ഉണ്ടായിട്ടുണ്ട്. പക്ഷെ ഒന്നും പുറത്തു പറഞ്ഞില്ല. "പെൺകുട്ടികൾ ആഗ്രഹിക്കുന്നതിനൊക്കെ ഒരു മയം വേണ്ടേ?"

എന്ത് തന്നെയായാലും അക്കാലം മുതൽ എണ്ണകറുപ്പാർന്ന, വടിവൊത്ത, തലയുയർത്തി വർത്താനം പറയുന്ന, എന്തിനും പോന്ന ആ പെണ്ണൊരുത്തി, എന്റെ കൂടെ ഉണ്ട്. കോളേജിൽ എത്തിയതിനു ശേഷം, "ജൂറിസ്പ്രുഡ ൻസ്" ക്ലാസ്സുകളിൽ നാച്ചുറൽ ലോ തിയറി യിൽ നിയമം രൂപപ്പെടുന്ന മണ്ണായി. പ്രതികരിക്കുന്ന, സംഘടിതമായ ഒറ്റപ്പെടുത്തലിനെ എതിർക്കുന്ന മണ്ണിന്റെ മകളായി. ഹോസ്റ്റലിൽ പാതിരാത്രി കളിക്കുന്ന "സ്പിരിറ്റ് കം പ്രാന്തിൽ" ഓജോ ബോർഡിൽ വന്നിരിക്കുന്ന ആത്മാവായി. വിട്ടുപിരിയാതെ അവളുണ്ട്. ഒരുപക്ഷേ, വരച്ചെടുത്താ? ഏറ്റവും റൊമാൻറി ക്ക് ആയ ചിത്രം പോലെയായി. ബാല്യവും കൗമാരവും അതിന്റെ വിഭ്രമങ്ങളുമുപേക്ഷിച്ചാണ് മഹാനഗരത്തിലേക്കു വണ്ടി കയറിയത്.

വെയിലുറഞ്ഞുതുള്ളുന്ന കൊയ്തുപാടങ്ങളും മഴനീന്തി കയറുന്ന തെങ്ങിൻ തലപ്പുകളും പുതനും തറയും ഒക്കെ എന്നോ കണ്ട സ്വപ്നം പോലെ സുഖകരമായ ഓർമ്മയായിത്തുടങ്ങിയിട്ടും, വഴിയറിയാതെ വട്ടംകറങ്ങുമ്പോൾ, അവളെ ഓർക്കുന്നു, "വഴി കാണിക്കു സിസ്" എന്ന് ഞാൻ പറയുമ്പോൾ, അവൾ ചിരിക്കുന്നു.

തിരുവാതിരക്കാലത്ത് രാത്രി വീശുന്ന കാറ്റിന്റെ തണുപ്പ് പോലെ, മഴക്കാലത്തു വന്ന് എത്തി നോക്കുന്ന സൂര്യന്റെ തിളക്കം പോലെ, ആരുമറിയാതെ പൂക്കുന്ന കൈനാറിയുടെ രൂക്ഷഗന്ധം പോലെ, അവളെ ഞാൻ അറിയുന്നു. അവളെ അറിയുമ്പോളറിയുന്നു,ഇത്...ഇത് എന്റെ നാട് തന്നെയെന്ന്. പറിച്ചു കളയാനനുവദിക്കാതെ, ഒഴിഞ്ഞു പോകാൻ കൂട്ടാക്കാതെ, അവളെന്നിൽ ഭൂതാവേശം ചെയ്ത് കൊണ്ടേയിരിക്കുന്നു.

"വിടില്ല്യ ല്ലേ" എന്ന് വടിയെടുക്കാൻ എനിക്ക് മന്ത്രവാദം വശമല്ലല്ലോ!!

കഥകളുറങ്ങുന്ന കുറ്റിപ്പാല കഥ പറഞ്ഞു കൊണ്ടേയിരിക്കുന്നു.

# THE EDITORIAL PROBLEMS IN THE SAANKHYAKAARIKAA

-Narayanan Eppurath

The Saankhya System of Epistemology is, so far as my information goes, the first among the six types of Indian Philosophical Systems, as in the form of the continuation to the Vedic System. The other five are: Yoga, Nyaaya, Vaisheshika, Meemaamsaa and the Vedaanta. These are the Aastika systems accept the Vedas as authentic, while the Naastika Systems like Buddhism, Jainism, Caarvaaka and Aajeevika do not accept the Vedas. The criterion may vary regarding the Aastika and Naastika concept, as I understand that it can accordingly be on the basis of the acceptance either of the Vedas, or of the Paraloka (the world beyond the apparent), or of the God.

The Saankhya System was introduced by Kapilamuni based on the credentials that gained from the Vedic knowledge system. Tradition says that the transformation of this knowledge system is from Kapila to a Braahmana of the Aasuri clan. The intension of an advice is to save the world from ignorance, as Kapila observed that the World which had implunged in grief and struggling for the revelation.

Inasmuch as, however, the Saankhya System of Epistemology had popularly persisted much early in India, here I should give attention the Saankhyakaarikaa of Eeshvarakrishna, edited by Mr. Horace Hayman Wilson, a brief text of very limited seventy-two verses which encompass the knowledge of twenty-five entities eradicate the triplet of universal grief. With a view to solving the grief-triplet by acquiring the real knowledge, it introduces the twenty-five entities; and out of which the twenty-three apparent entities called the Vyakta, an assumed eternal and fundamental cause to those apparent entities called the Avyakta, and the Purusha, an assumed eternal witness entity shared with the Avyakta for the formation of the Vyakta.

The theory is proved with the three types of procedures: through the sense-organ perception called the pratyaksha, the perception based inference or the anumaana and the authentic words or the aaptavachana. The first type covers the topics of vision, hearing, taste, smell and touch. Mind is an internal sense-organ according to the Indian Systems of knowledge. Inference is depending on the co-existences through the sense-organ perception for the establishment of the proved through the guessing. The Vedas, the Smritis, the Puranas and the Classics of the authentic seers are accepted when the knowledge is either elusive through sense-organ perception or through inference. Mr. Nandalal Sinha's 1915 edition of the Saankhya Philosophy covers the Saankhyapravachanasootra, Aniruddha's Vritti, Vijnaanabhikshu's Bhaashya, Eeshvarakrishna's Saankhyakaarikaa, Madhavavedaantin's Vrittisaara, the Panchashikhaasootra and the Tattvasamaasa. In that work, the Vrittisaara has only been partially introduced due to some reason.

My attempt here is to criticize one of the oldest editions of the Saankhyakaarikaa. The editor of the text was Mr. Horace Hayman Wilson who lived between 1786 and 1860. His 1837 edition of the Saankhyakaarikaa by Eeshvarakrishna with the Gaudapaadabhaashya is being reviewed here by me. Here I would definitely utilize my criticism on his

incapability to detect the mistakes while the Devanaagaree print was produced with Mr. Henry Thomas Colebrooke's English translation, the Latin translation by Professor Lassen in 1832 and Colebrooke's translation started in 1833 and published in 1837. In 1833, a French translation the Saankhyakaarikaa text in Roman script had already been published. The Calcutta based East India Company, however, by that time, had already published the Saankhyapravachanabhaashya of Vijnaanabhikshu.

One out of the many a number of problems Mr. Wilson faced was regarding the handling of the manuscript in Devanaagaree. His claim on the manuscript which was tolerably correct; and I felt it is statement of a pre-determined nature. I sensibly think to the fact that as per his available introductory preface notes et cetera, he was not strictly aware about the importance of correctness in the Oriental Systems of knowledge. He finds excuses on typographical errors due to his absence in London; and such justification is not at all tolerable. I have read in between the lines of a few statements of self-boasting class there had been some sort of urgency and competitions to publish the Indic texts that time.

